പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3309 19.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോ

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നും ഇപ്പോൾ ആകെ എത്ര ബസുകൾ സർവ്വീസ് നടത്തി വരുന്നുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്; എന്താണ് സർവ്വീസുകൾ കുറയ്ക്കാൻ കാരണം എന്നറിയിക്കാമോ; | (എ) | പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നും ആകെ 40 സർവ്വീസുകൾ (ആർ.ടി.സി – 38, ജൻറം-2) നടത്തി വരുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല. |
| (ബി) | സർവ്വീസുകൾ വെട്ടിക്കുറച്ചതു മൂലം യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽ പെട്ടിട്ടില്ല.<br>യാത്രക്കാരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകുന്ന സാഹചര്യത്തിൽ കൂടുതൽ സർവ്വീസുകൾ തുടങ്ങുന്ന കാര്യം ആവശ്യമായ സാദ്ധ്യതാ പഠനം നടത്തി പരിശോധിക്കുന്നതാണ്. |
| (സി) | ഈ ഡിപ്പോയിൽ ഓരോ തസ്തികയിലും നിലവിൽ എത്ര ജീവനക്കാർ ജോലിനോക്കി വരുന്നുണ്ട്; എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; ആവശ്യത്തിന് ജീവനക്കാരില്ലാത്തത് സർവ്വീസുകളെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ജീവനക്കാരുടെ കുറവ് മൂലം ചില സന്ദർഭങ്ങളിൽ നാമമാത്രമായ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരാറുണ്ട്. കെ.എസ്.ആർ.ടി.സി പെരിന്തൽമണ്ണ ഡിപ്പോയിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>സൂപ്രണ്ട്-2<br>ക്ലർക്ക്-11+1(എംപാനൽ)<br>ടൈപ്പിസ്റ്റ്-1<br>പ്യൂൺ-2<br>അസിസ്റ്റന്റ് സർജന്റ്-1<br>ഗാർഡ്-2+1(SpiderForce)<br>ഇൻസ്പെക്ടർ-5 |

| | | | |
|---|---|---|---|
| | | | സ്റ്റേഷൻമാസ്റ്റർ-4<br>കണ്ടക്ടർ-73+35(എംപാനൽ)<br>ഡ്രൈവർ-84+16(എംപാനൽ)<br>എ.ഡി.ഇ-1<br>മെക്കാനിക്ക്-35<br>ബ്ലാക്ക്സ്മിത്ത്-4<br>കോച്ച് ബിൽഡർ - 1<br>പെയിന്റർ -1 + 1 (WA)<br>അപ്ഹോൾസ്റ്ററർ - 1<br>ടയർ ഇൻസ്പെക്ടർ - 1<br>പമ്പ് ഓപ്പറേറ്റർ - 1<br>വി.എസ് -1<br>സ്റ്റോർ അസിസ്റ്റന്റ് - 1<br>സ്റ്റോർ ഇഷ്യൂവർ - 1<br>ടി യൂണിറ്റിൽ ഒരു വെഹിക്കിൾ സൂപ്പർ വൈസർ, ഒരു ചാർജ്ജ്മാൻ, അഞ്ച് ഡ്രൈവർ, ഒരു ക്ലർക്ക് എന്നിവരുടെ കുറവുണ്ട്. കെ.എസ്.ആർ.ടി.സി അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത ഐ.ഐ.എം-ൽ നിന്നും വിരമിച്ച പ്രൊഫ. സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി യുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരി യെക്കാൾ കൂടുതലായതിനാൽ ബസ്സ് - ജീവന ക്കാരുടെ അനുപാതം ദേശീയ ശരാശരി ക്കൊപ്പമെത്തിക്കാൻ ശ്രമിച്ച വരികയാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് അനുസരിച്ച് മാത്രമേ ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | ഉത്സവകാലങ്ങളിലും മറ്റ് പ്രത്യേക അവസരങ്ങളിലും കാലാകാലങ്ങളായി നടത്തി വരുന്ന പ്രത്യേക സർവ്വീസുകൾ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | യാത്രക്കാരുടെ ആവശ്യകതയും, കോർപ്പറേഷന്റെ വരുമാന സാദ്ധ്യതയും കണക്കിലെടുത്ത് ഉത്സവ കാലങ്ങളിലും മറ്റ് പ്രത്യേക അവസരങ്ങളിലും നടത്തി വരുന്ന പ്രത്യേക സർവ്വീസുകൾ തുടരുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**